# ജമാഅത്തെ ഇസ്‌ലാമി ദേശീയ യാത്രക്ക് ഉജ്ജ്വല തുടക്കം

റിപ്പോർട്ട്

എം. സാജിദ്

**ഇന്ത്യാ** വിഭജനത്തിനും ബാബരി തകർച്ചക്കും ശേഷം ഇന്ത്യൻ മുസ്‌ലിംകൾ ഏറ്റവുമധികം പിടിച്ചുലക്കപ്പെട്ട നാളുകളാണ് കടന്നുപോകുന്നത്. ഊരും പേരുമറിയാത്ത ബോംബുകൾ പൊട്ടിത്തെറിച്ചപ്പോൾ ഒരു സമുദായത്തിന്റെ വാരിയെല്ലും നട്ടെല്ലുമാണ് ഒടിഞ്ഞു നുറുങ്ങിയത്. ബോംബുവെച്ചത് മുസ്‌ലിമാവാനേ തരമുള്ളൂ, അല്ല മുസ്‌ലിമിനേ ബോംബുവെക്കാനാവൂ എന്ന പൊതുബോധം മാധ്യമങ്ങളിലൂടെ സൃഷ്ടിച്ചെടുക്കുന്നതിൽ ഭരണകൂടം വിജയിച്ചിരിക്കുന്നു. ചിലപ്പോൾ കണ്ണുകളടച്ചും മറ്റു ചിലപ്പോൾ തുറന്നും കാര്യങ്ങളെ നോക്കുന്ന മുഖ്യധാരാ മാധ്യമ സംസ്കാരം സത്യത്തെ എത്ര ബീഭത്സമായി ബലാത്സംഗം ചെയ്തുവെന്നത് സമീപകാല അനുഭവമാണ്.



*കർണാടക ജമാഅത്ത് ഘടകം ഹുബ്ലിയിൽ സംഘടിപ്പിച്ച റാലി*

രാജ്യത്തെങ്ങും വലിയൊരു വിഭാഗം ജനങ്ങൾ ഭീതിയിലാണ്. ആൾക്കൂട്ടത്തിനിടയിൽ ആരൊക്കെയോ എന്നെ നോട്ടമിടുന്നുണ്ടോ എന്ന ഭയം ഓരോ (താടിവെച്ച) മുസ്‌ലിം ചെറുപ്പക്കാരന്റെ മുഖത്തും നിഴലിച്ചുകാണാം. യുദ്ധഭൂമിയിലേക്ക് പറഞ്ഞയക്കപ്പെടുന്ന പട്ടാളക്കാരന്റെ മാതാവിന്റെ മാനസികാവസ്ഥയിലാണ് ഉത്തരേന്ത്യയിലെ ഉമ്മമാർ അവരുടെ മക്കളെ വീടുകളിൽനിന്ന് യാത്രയാക്കുന്നത്. ഒരു ഹെൽമറ്റ് കേസിൽ പിടിക്കപ്പെട്ടാൽ പോലും തലസ്ഥാനത്ത് ലോധി റോഡിലെ ഭീകരവിരുദ്ധ ഓഫീസിൽ അവർ എത്തിപ്പെട്ടേക്കാം.

'രാജ്യസ്നേഹികൾ' ചെയ്താലും 'രാജ്യദ്രോഹികൾ' ചെയ്താലും ബോംബ് പൊട്ടി മരിക്കുന്നത് രാജ്യവാസികളാണ്. കഴിഞ്ഞ ഏതാനും മാസങ്ങളിൽ മാത്രമായി നൂറുകണക്കിന് ജീവനുകളാണ് ഇങ്ങനെ പൊലിഞ്ഞുപോയത്. അതിന്റെ പേരിൽ കൊന്നും കൊലവിളിച്ചും ചവിട്ടിത്തേമ്പിയും പോലീസ് നശിപ്പിച്ച ജീവിതങ്ങൾ ആയിരത്തിലധികമാണ്.

ഭരണകൂടം കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. സമൂഹത്തിലെ ഒരു വിഭാഗത്തോട് നിരന്തരം അനുവർത്തിക്കുന്ന വിവേചനം വലിയ അനർഥങ്ങൾ സൃഷ്ടിക്കാനേ ഉതകൂ. കുപ്പായം മാറിക്കളിക്കുന്ന ഭരണാധികാരികൾ തന്നെയാണ് ഇന്നാട്ടിലെ കൊടും ഭീകരർ എന്നു പറയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇവർ സർക്കാറിനെയും കോൺഗ്രസിനെയും ഹൈജാക്ക് ചെയ്തിരിക്കുന്നു.

ഈയൊരു പശ്ചാത്തലത്തിലാണ് കഴിഞ്ഞ ഒക്ടോബറിൽ ചേർന്ന ജമാ

അത്തെ ഇസ്‌ലാമി കേന്ദ്രശൂറ ചരിത്രപ്രധാനമായ രണ്ട് തീരുമാനങ്ങൾ എടുത്തത്. ഒന്ന് ഉടൻ പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടതും മറ്റേത് ദീർഘകാലാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കേണ്ടതും.

ചകിതരായ ന്യൂനപക്ഷങ്ങൾക്ക് ആത്മവിശ്വാസം പകരുക, നിർമാണാത്മകമായ സാമൂഹിക പ്രതികരണത്തിന് അവരെ തയാറാക്കുക, രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ കൃത്യമായി പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക, സാമുദായിക സൗഹാർദം ഊട്ടിയുറപ്പിക്കുക, നീതി നടപ്പാക്കാനും ആക്രമണത്തെ ചെറുക്കാനും കേന്ദ്ര സംസ്ഥാന സർക്കാറുകളിൽ സമ്മർദം ചെലുത്തുക എന്നീ ലക്ഷ്യങ്ങളോടെ രണ്ട് ദേശീയ ജാഥകൾ സംഘടിപ്പിക്കാനുള്ള തീരുമാനമാണ് ഒന്നാമത്തേത്. 'സമാധാനത്തിനും നീതിക്കും വേണ്ടിയുള്ള പ്രയാണം' (കാർവാനേ അമനോ ഇൻസാഫ്) എന്ന തലക്കെട്ടോടെ നടക്കുന്ന ഈ ജാഥകളിലെ പ്രധാന മുദ്രാവാക്യം 'അനീതിയാണ് ഭീകരത; നീതി തന്നെയാണ് സമാധാനം' എന്നാണ്. ജമാഅത്ത് ഇസ്‌ലാമി അഖിലേന്ത്യാ അധ്യക്ഷൻ ജലാലുദ്ദീൻ അൻസ്വർ ഉമരിയും സെക്രട്ടറി ജനറൽ നുസ്‌റത്ത് അലിയുമാണ് ജാഥകൾ നയിക്കുന്നത്. നവംബർ 10-ന് ഇരുജാഥകളും ദൽഹിയിൽ നടന്ന പൊതുസമ്മേളനത്തിൽ ഫ്ളാഗ് ഓഫ് ചെയ്യപ്പെട്ടു. അഖിലേന്ത്യാ അമീറിന്റെ നേതൃത്വത്തിലുള്ള ജാഥ ലക്നോ, അഅ്സംഗഢ്, പാറ്റ്ന, ഗുവാഹത്തി, കൊൽക്കത്ത, ഹൈദരാബാദ്, ബാംഗ്ളൂർ, മംഗലാപുരം എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് നവംബർ 25-ന് കൊച്ചിയിൽ നടക്കുന്ന മഹാസമ്മേളനത്തിൽ അവസാനിക്കും. സെക്രട്ടറി ജനറലിന്റെ നേതൃത്വത്തിലുള്ള ജാഥ ജബൽപൂർ, നാഗ്പൂർ, ഭോപാൽ, ഇൻഡോർ, മുംബൈ, അഹ്മദാബാദ്, ബറോഡ, കോട്ട എന്നീ കേന്ദ്രങ്ങളിലൂടെ കടന്ന് ജയ്പൂരിൽ സമാപിക്കും. ഇതിനുപുറമെ സംസ്ഥാനങ്ങൾ സ്വന്തമായും ജാഥകൾ സംഘടിപ്പിക്കുന്നുണ്ട്.

ജമാഅത്ത് ദേശീയ സെക്രട്ടറിമാരെല്ലാം വിവിധ സംസ്ഥാനങ്ങളിൽ പര്യടനത്തിലാണ്. ജമാഅത്ത് നേതാക്കളോടൊപ്പം മറ്റ് മുസ്‌ലിം നേതാക്കളും പ്രശസ്ത സമൂഹിക പ്രവർത്തകരായ സന്ദീപ് പാണ്ഡെ, മേധാപട്കർ, സ്വാമി അഗ്നിവേശ്, ശുഭ്രദീപ് ചക്രവർത്തി, സുരേഷ് ഖൈർനാർ, അജിത് സാഹി, അമരീഷ് മിശ്ര, രാം പുനിയാനി, മഹേഷ് ഭട്ട് തുടങ്ങിയവരും വിവിധ കേന്ദ്രങ്ങളിൽ ജാഥകളെ അനുഗമിക്കുന്നുണ്ട്.

ദേശീയ-സംസ്ഥാന ജാഥകളോടനുബന്ധിച്ച് വിവിധ കേന്ദ്രങ്ങളിൽ റാലികൾ, പൊതുയോഗങ്ങൾ, ധർണകൾ, പോസ്റ്റർ പ്രദർശനങ്ങൾ, മെമ്മോറാണ്ടം നൽകൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കും. ജാഥയിൽ ജമാഅത്ത് ഉന്നയിക്കുന്ന പ്രധാന ആവശ്യങ്ങൾ ഇവയാണ്: 1. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ രാജ്യത്തുണ്ടായ മുഴുവൻ ഭീകര-വിധ്വംസക പ്രവർത്തനങ്ങളും ഒരു സ്വതന്ത്ര-ഉന്നതാധികാര സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുകയും അതിന്റെ റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുകയും ചെയ്യുക. 2. വർഗീയ കലാപങ്ങളെക്കുറിച്ച് അന്വേഷിച്ച കമീഷനുകളുടെ ശിപാർശകൾ നടപ്പാക്കുക. 3. അഞ്ചുവർഷത്തിലധികമായി വിചാരണ കാത്തുകഴിയുന്ന മുഴുവൻ തടവുകാർക്കും ജാമ്യം നൽകുക. 4. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിയമവ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനും പോലീസ് സേനയെ തയാറാക്കും വിധമുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക. 5. കൃത്യമായ തെളിവുകളുടെ അഭാവത്തിൽ ഏതെങ്കിലും ഭീകരപ്രവർത്തനത്തിന്റെ ഉത്തരവാദികളായി ഏതെങ്കിലും സമുദായത്തെയോ സംഘടനകളെയോ പഴിചാരുന്ന പോലീസിന്റെയും അന്വേഷണ ഏജൻസികളുടെയും സമീപനം അവസാനിപ്പിക്കുക. 6. കൃത്യമായ വാറണ്ടില്ലാതെ അറസ്റ്റു നടത്തരുത്, അറസ്റ്റ് ചെയ്തവരെ പീഡിപ്പിച്ച് കുറ്റസമ്മത മൊഴി എടുക്കരുത്, അനാവശ്യ കാരണങ്ങൾ പറഞ്ഞ് പോലീസ് റിമാന്റ് നീട്ടി വാങ്ങരുത്. 7. പിടിക്കപ്പെട്ടവരുടെ ബന്ധുക്കളെയും അഭ്യുദയകാംക്ഷികളെയും അകാരണമായി പീഡിപ്പിക്കരുത്, ഒരു പ്രദേശത്തെ ഒന്നാകെ ടാർഗറ്റ് ചെയ്യുന്ന ശൈലിയുമരുത്. 8. കസ്റ്റഡിയിലുള്ള പ്രായപൂർത്തി എത്താത്തവരെ ഉടൻ വിട്ടയക്കുക, പ്രായപൂർത്തിയെത്താത്തവരെ അറസ്റ്റ് ചെയ്യുന്നത് നിർത്തുക. 9. പീഡനത്തിന് ശേഷം എടുക്കുന്ന മൊഴികളും രഹസ്യ റിപ്പോർട്ടുകളും മീഡിയക്ക് ചോർത്തിക്കൊടുക്കരുത്. 10. കസ്റ്റഡിയിലുള്ളവർക്ക് സ്വന്തം അഭിഭാഷകരെയും ബന്ധുക്കളെയും കാണാനുള്ള നിയമാനുസൃത അവകാശം വകവെച്ചുകൊടുക്കുക. ഇക്കാര്യത്തിൽ അനാവശ്യ തടസ്സങ്ങൾ ഉണ്ടാക്കുന്നത് നിർത്തുക. 11. കുറ്റാരോപിതരായ ധാരാളം ആളുകളെ കോടതികൾ വെറുതെ വിട്ടിട്ടുണ്ട്. ഇത്തരം വ്യാജ അറസ്റ്റുകൾക്കുത്തരവാദികളായ പോലീസ് ഓഫീസർമാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരിക, നിരപരാധികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുക. 12. വിവിധ സംസ്ഥാനങ്ങൾ കൊണ്ടുവന്ന ജനാധിപത്യവിരുദ്ധ നിയമങ്ങൾ പിൻവലിക്കുക. 'നിയമവിരുദ്ധ പ്രവർത്തന ആക്ടിലെ' ജനാധിപത്യ വിരുദ്ധ ഭാഗങ്ങൾ നീക്കുക. നിലവിലുള്ള നിയമങ്ങളെ കൂടുതൽ ജനാധിപത്യ വിരുദ്ധമാക്കാനുള്ള നീക്കം തടയുക. 13. അന്വേഷണ ഏജൻസികൾ നിഷ്പക്ഷമായും പ്രഫഷനൽ സമീപനത്തോടെയും പ്രവർത്തിക്കുക. 14. പ്രിന്റ്-ഇലക്ട്രോണിക് മീഡിയയിലൂടെ വെറുപ്പും തെറ്റിദ്ധാരണയും പരത്തുന്നത് തടയാനും മീഡിയയെ നിരീക്ഷിക്കാനുമുള്ള ഒരു നിയമസംവിധാനം ഉടൻ രൂപവൽക്കരിക്കുക.

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രത്തിലെ തന്നെ സുപ്രധാനമായ മറ്റൊരു തീരുമാനം കൂടി കേന്ദ്രകൂടിയാലോചനാ സമിതി എടുത്തിരിക്കുന്നു; ജമാഅത്ത് മുൻകൈയെടുത്ത് ഒരു ദേശീയ രാഷ്ട്രീയ പ്രസ്ഥാനം രൂപീകരിക്കും. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഏറ്റവും കൂടുതൽ കാലം രാജ്യം ഭരിച്ച കോൺഗ്രസ് ബി.ജെ.പിയിൽ നിന്ന് വേറിട്ട് തങ്ങൾക്കൊരു അസ്തിത്വമില്ലെന്ന് തെളിയിക്കുന്ന ബദ്ധപ്പാടിലാണ്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും ന്യൂനപക്ഷ വേട്ടക്ക് ഒരു കുറവുമില്ല. ഭൂരിപക്ഷ വോട്ടുകൾ നഷ്ടപ്പെടും എന്ന അടിസ്ഥാനരഹിതമായ ഭീതി (ന്യൂനപക്ഷ വിരുദ്ധ മനസ്സുള്ളവർ കോൺഗ്രസിനല്ല, ബി.ജെ.പിക്കാണല്ലോ വോട്ടു കുത്തുക) വീണ്ടും തെറ്റായ തീരുമാനമെടുക്കാൻ കോൺഗ്രസിനെ പ്രേരിപ്പിക്കുകയാണ്. ഇതര മതേതര കക്ഷികളും രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ പിടിയിൽ തന്നെ.

ഈ പശ്ചാത്തലത്തിലാണ് ജമാഅത്ത് തീരുമാനം ശ്രദ്ധേയമാവുന്നത്. അബലർക്കും അശരണർക്കും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കും വേണ്ടി നിലകൊള്ളുന്ന ഒരു രാഷ്ട്രീയ കൂട്ടായ്മയെക്കുറിച്ചാണ് ആലോചന. പാർട്ടിയുടെ വിശദാംശങ്ങൾ രൂപപ്പെട്ടുവരുന്നേയുള്ളൂ. ജമാഅത്ത് ശൂറ നിശ്ചയിച്ച ഉപസമിതി ഇക്കാര്യത്തിൽ പഠനം നടത്തിവരുന്നു. വിപുലമായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം മാത്രമേ വിശദാംശങ്ങൾ പ്രഖ്യാപിക്കപ്പെടുകയുള്ളൂ. ■